(സി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകളും ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അവസാനിപ്പിക്കുന്നതിലേക്കായി 4-5-2007-ലെ 830-ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച 4-5-2007-ലെ ആർ.ആർ. 5448/03 നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തദനുസരണം രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടത് കൈവിരൽപ്പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. വിലയാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും കൈവിരൽപ്പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. മാത്രമല്ല തന്റെ മുമ്പാകെ രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ അനന്യത സ്വയം ബോധ്യപ്പെടുന്നതിലേക്കായി രജിസ്റ്ററിംഗ് ഓഫീസർ, ഇലക്ടറൽ കാർഡോ പാസ്പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ, ആദായനികുതി വകുപ്പിന്റെ പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ, സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്. ഇപ്രകാരം അനന്യത തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖയുടെ പ്രസക്തഭാഗത്തിന്റെ ഫോട്ടോകോപ്പി വാങ്ങേണ്ടതും ആയത് ആധാര നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും ചേർത്ത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ഫയൽ ചെയ്ത് പരിപാലിക്കേണ്ടതുമാണ്.

(ഡി) കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൽ ഇമേജ് പ്രിന്റർ പരിഷ്കാരം ജോലിഭാരത്തിന് അനുസരിച്ചുള്ള ഉദ്യോഗസ്ഥ പുനർ വിന്യാസം, അടിസ്ഥാന സൗകര്യവികസനം എന്നീ ശാസ്ത്രീയ മാനേജ്മെന്റ് നടപടികളിലൂടെ ജോലിഭാരം കുറയ്ക്കുകയും സേവന വേഗത വർദ്ധിപ്പിക്കുകയും ചെയ്തതിന് ശേഷമാണ് വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചത്. ഈ നടപടികൾ മൂലം വകുപ്പിന്റെ കാര്യക്ഷമതയിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് ഐ.എം.ജി. യുടെ നേതൃത്വത്തിൽ നടത്തിയ വകുപ്പിന്റെ ടി.എൻ.എ. പഠനത്തിൽ പൊതുവായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം മാത്രമായി വിശദമായ ഒരു പഠനം നടത്തിയിട്ടില്ല.

കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ നവീകരണം

29(*209) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഈ വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) സൊസൈറ്റി ഏറ്റെടുത്തിട്ടുള്ള പ്രധാന അച്ചടി ജോലികൾ എന്തെല്ലാമാണ് ;

(എഫ്) സൊസൈറ്റിയുടെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) ഒരേ സമയം 32 പേജും മണിക്കുറിൽ 36000 കോപ്പിയും അച്ചടിക്കാൻ കഴിയുന്ന പുതിയ 4 കളർ അച്ചടിയന്ത്രം സ്ഥാപിച്ചിട്ടുണ്ട്.

(ബി) 2 കോടി 72 ലക്ഷം രൂപ.

(സി) 2011-12 അദ്ധ്യയനവർഷത്തേക്ക് 2,30,30,000 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഓർഡർ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളതിൽ 50 ശതമാനത്തോളം അച്ചടി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ബാധകമല്ല.

(ഇ) വിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(എഫ്) 2004-05 സാമ്പത്തിക വർഷം മുതൽ സൊസൈറ്റി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വിശദാംശം അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

ബി.പി.എൽ. സർവ്വേ

30(*210) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലും വീണ്ടും ബി.പി.എൽ. സർവ്വേ നടത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സർവ്വേ സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര നിർദ്ദേശപ്രകാരം വീണ്ടും ബി.പി.എൽ. സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly